Draft #14 of File ACB1/3/3001/2020 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Oct-2021 12:11 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സ്വകാര്യ എയ്ഡഡ് കോളേജുകൾ - നിർമല കോളേജ് മൂവാറ്റുപുഴ - ഡോ. തോമസ് കെ.വി - യുടെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനാംഗീകാര കാലാവധി ദീർഘിപ്പിച്ചത് - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 5467/AC B 1/2021/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 16.10.2021

---

*പരാമർശം:*-1. കോതമംഗലം രൂപത, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി കോളേജുകളുടെ മാനേജരുടെ 17.09.2021 തീയതിയിലെ CEK/HE/40A/2021 നമ്പർ കത്ത്.

2. 06.07.2021 തീയതിയിലെ 3098/ACB1/2021/എം.ജി.യു നമ്പർ സർവ്വകലാശാലാ ഉത്തരവ്.

**ഉത്തരവ്**

മൂവാറ്റുപുഴ നിർമല കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. തോമസ് കെ.വി യുടെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനാംഗീകാര കാലാവധി 30.09.2021 വൈകുന്നേരം അവസാനിക്കുന്ന സാഹചര്യത്തിൽ ടിയാളുടെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനത്തിന് 01.10.2021 രാവിലെ മുതൽ തുടർനിയമനാംഗീകാരം നൽകണമെന്ന് പ്രസ്തുത കോളേജിന്റെ മാനേജർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

ടിയാളുടെ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ നിയമനം 01.07.2021 രാവിലെ മുതൽ 30.09.2021 വൈകുന്നേരം വരെ മൂന്ന് മാസത്തേക്ക് ദീർഘിപ്പിച്ചത് പരാമർശം (2) പ്രകാരം സർവ്വകലാശാല അംഗീകരിച്ചിരുന്നു.

പ്രസ്തുത അപേക്ഷ പരിഗണിച്ച്, കോതമംഗലം കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള മൂവാറ്റുപുഴ നിർമല കോളേജിലെ മാത്തമാറ്റിക്സ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ.തോമസ് കെ.വി -യെ ടി കോളേജിലെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർ ആയി 01.10.2021 രാവിലെ മുതൽ 31.12.2021 വൈകുന്നേരം വരെ മൂന്ന് മാസത്തേക്കോ ടി കോളേജിന് ഒരു സ്ഥിരം പ്രിൻസിപ്പലിനെ നിയമിച്ചത് സർവ്വകലാശാല അംഗീകരിക്കുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ ദീർഘിപ്പിച്ച നടപടി, മഹാത്മാഗാന്ധി സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം -45, ഭാഗം -ഇ, സ്റ്റാറ്റ്യൂട്ട് -78 പ്രകാരം, പണം പിൻവലിച്ച് വിതരണം ചെയ്യുന്നതൊഴികെ പ്രിൻസിപ്പലിന്റെ യാതൊരു അധികാരവും ഉപയോഗിക്കില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, അംഗീകരിച്ച് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം
3. മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കോതമംഗലം രൂപത.
4. ഡോ.തോമസ് കെ.വി, നിർമല കോളേജ് മൂവാറ്റുപുഴ
5. വൈസ് ചാൻസലറുടെ/പ്രൊ വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി.
6. രജിസ്ട്രാറുടെ /പരീക്ഷ കൺട്രോളറുടെ പി എ
7. സി ഡി 1 സെക്ഷൻ / ഐ ക്യൂ എ സി / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ.
8. റെക്കോർഡ്സ്/ കരുതൽ ഫയൽ /ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #14 of File ACB1/3/3001/2020 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Oct-2021 12:11 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം